(ബി) ഇതിൽ ഭരണാനുമതി ലഭിക്കാൻ എത്ര പ്രവൃത്തികൾ ശേഷിക്കുന്നുണ്ടെന്നും ഇവ ഏതെല്ലാം ഘട്ടത്തിലാണെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) താനൂർ നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി നിർദ്ദേശിക്കപ്പെട്ടതും ധനാനുമതി നൽകിയതുമായ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

കാരുണ്യ ഡയാലിസിസ് സെന്റർ

93 (3602) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്കാശുപത്രിയായി അപ്ഗ്രേഡ് ചെയ്ത മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കാരുണ്യ ഡയാലിസിസ് സെന്റർ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സെന്റർ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിനായി തെരഞ്ഞെടുത്തിരുന്ന 27 സർക്കാർ ആശുപത്രികളിൽ മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഉൾപ്പെട്ടിരുന്നില്ല. പുതിയ ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ തുടങ്ങുന്ന കാര്യം പരിശോധിക്കുന്നതാണ്.

ലോട്ടറി അച്ചടിയിൽ ക്രമക്കേട്

94 (3603) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി അച്ചടികളുടെ മറവിൽ സി. ആപ്റ്റിൽ കോടികളുടെ ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) ലോട്ടറി ടിക്കറ്റുകൾക്ക് നമ്പറും ബാർകോഡും രേഖപ്പെടുത്താനുള്ള വേരിയബിൾ ഡാറ്റാപ്രിന്റർ വാടകയ്ക്കെടുത്തതിനും ബാർകോഡിംഗ് ചെന്നൈയിലെ അൻസലാ കമ്പനിക്ക് ഉയർന്ന നിരക്കിൽ കരാർ നൽകിയതും മറ്റും സംബന്ധിച്ച് VE.03/14/SIU-II നമ്പറായി നടത്തിയ വിജിലൻസ് അന്വേഷണത്തിൽ ആരോപണവിധേയരായ സി-ആപ്റ്റ് ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കപ്പെടാതെപോയ കേരളത്തിന്റെ ആവശ്യങ്ങൾ

95 (3604) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16-ലെ കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കപ്പെടാതെ പോയ കേരളത്തിന്റെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു ;

(ബി) പ്രസ്തുത ആവശ്യങ്ങളിൽ സംസ്ഥാനം വീണ്ടും ഉന്നയിക്കുകയും അതിന്മേൽ പുതിയ ഉറപ്പുകൾ ലഭിക്കുകയും ചെയ്തവ എന്തെല്ലാം ആയിരുന്നു ;

(സി) ഇപ്രകാരം വീണ്ടും ഉറപ്പുകൾ ലഭിച്ച ആവശ്യങ്ങളിൽ എത്രയെണ്ണത്തിൽ ഉറപ്പുകൾ പാലിക്കപ്പെടുകയുണ്ടായി എന്നു വ്യക്തമാക്കുമോ; അവ ഏതെല്ലാം; വിശദമാക്കുമോ ;

(ഡി) മുൻ ബഡ്ജറ്റുകളിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച എന്തെല്ലാം പദ്ധതികളും പരിപാടികളും ഇനിയും നടപ്പിലാക്കാൻ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

കായംകുളം എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് സ്കൂളുകൾക്ക് കമ്പ്യൂട്ടറുകൾ

96 (3605) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ എം. എൽ. എ.യുടെ പ്രത്യേക വികസനനിധി ഉപയോഗിച്ച് വിവിധ സ്കൂളുകൾക്ക് കമ്പ്യൂട്ടറുകൾ വാങ്ങാൻ ഉക അനുവദിച്ചിട്ടും നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കമ്പ്യൂട്ടർ വിതരണം ചെയ്യുന്നതിനുണ്ടായിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly